ഉത്തരം

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറികളിലെ സ്ഥലസൗകര്യത്തിന്റെ പരിമിതി ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി പെൻഷൻകാരുടെ വർദ്ധനവ് എന്നിവ കണക്കിലെടുക്കുമ്പോൾ ഇപ്പോഴുള്ള വിതരണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും പെൻഷൻ വാങ്ങാൻ വരുന്നവരുടെ ബാഹുല്യം എത്രതന്നെയായാലും കാലതാമസം നേരിടാൻ തന്നെയും എല്ലാ പെൻഷൻകാർക്കും പെൻഷൻ അന്നുതന്നെ ലഭ്യമാക്കുന്നുണ്ട്. ട്രഷറിയിൽ നേരിട്ട് ഹാജരാകാതെ മണിയോർഡർ വഴിയും ദേശസാൽക്കൃത ബാങ്കുകൾ മുഖേനയും പെൻഷനുകൾ നൽകുന്നുണ്ട്.

9 (1741) പെൻഷൻ കമ്മ്യൂട്ടേഷൻ ചെയ്തവർക്ക് പുതുക്കിയ പെൻഷൻ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരുടെ ശമ്പള പരിഷ്ക്കരണം നടത്തിയപ്പോൾ പെൻഷൻകാരുടെ പെൻഷൻ പരിഷ്ക്കരണം നടത്തുകയുണ്ടായോ; എങ്കിൽ എന്നുമുതൽ;

(ബി) അവർക്ക് ഇടക്കാലാശ്വാസം നൽകിയത് എന്നുമുതലാണ്;

(സി) മുഴുവൻ പെൻഷനും കമ്മ്യൂട്ട് ചെയ്തവർക്ക് ഇടക്കാലാശ്വാസം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(ഡി) മുഴുവൻ പെൻഷനും കമ്മ്യൂട്ട് ചെയ്തവർക്ക് അവരുടെ കമ്മ്യൂട്ട് ചെയ്ത പഴയ പെൻഷൻ തുകയും ഇപ്പോൾ പുതുക്കിയ പെൻഷൻ തുകയും തമ്മിലുള്ള വ്യത്യാസം ലഭിക്കുവാനുള്ള അർഹതയുണ്ടോ; എങ്കിൽ ഇവർക്ക് കമ്മ്യൂട്ട് ചെയ്ത പെൻഷൻ തുകയും പുതുക്കിയ പെൻഷൻ തുകയും തമ്മിലുള്ള വ്യത്യാസം പെൻഷൻ പരിഷ്ക്കരണ തീയതി മുതൽ നൽകുമോ?

ഉത്തരം

(എ) 25.11.1998 -ലെ ജി.ഒ.(പി) 3001/98/ധന. ഉത്തരവ് പ്രകാരം 1.3.97 മുതൽ പെൻഷൻ പരിഷ്ക്കരണം നടത്തി.

(ബി) പെൻഷൻകാർക്ക് രണ്ട് ഗഡു ഇടക്കാലാശ്വാസം യഥാക്രമം 1.4.96 മുതലും 1.2.97 മുതലുമാണ് നൽകിയത്.

(സി) മുഴുവൻ പെൻഷനും കമ്മ്യൂട്ട് ചെയ്യുവാൻ നിലവിൽ വ്യവസ്ഥയില്ല. അതുകൊണ്ട് ഇടക്കാലാശ്വാസത്തിന് പ്രസക്തിയില്ല.

(ഡി) പെൻഷൻ പരിഷ്ക്കരണാനന്തരം കമ്മ്യൂട്ടഡ് തുകയിലുള്ള വർദ്ധനവ് ലഭിക്കുന്നതോടൊപ്പം പെൻഷൻ തുകയിൽ കുറവ് ഉണ്ടെങ്കിൽ ആ വ്യത്യാസം ലഭിക്കുവാനുള്ള അർഹതയില്ല.

LIBRARY ARCHIVES Kerala Legislative Assembly